48

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ആഭ്യന്തര സുരക്ഷിതത്വ സംരക്ഷണ ആക്റ്റ്, 1971

(1971-ലെ 26-ാം നമ്പർ ആക്റ്റ്)

(1971 ജൂലൈ 2-ാം തീയതി നിലവിലുള്ള പ്രകാരം)

[illegible] ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

[illegible]

വില [illegible]

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ആഭ്യന്തര സുരക്ഷിതത്വ സംരക്ഷണ ആക്റ്റ്, 1971

(1971-ലെ 26-ാം നമ്പർ ആക്റ്റ്)

(1971 ജൂലൈ 2-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# ആഭ്യന്തര സുരക്ഷിതത്വ സംരക്ഷണ ആക്റ്റ്, 1971
(1971-ലെ 26-ാം നമ്പർ)

ആഭ്യന്തര സുരക്ഷിതത്വ സംരക്ഷണത്തിന്റെ ആവശ്യത്തിനായി ചില സംഗതികളിൽ തടങ്കലിനും, അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

(1971 ജൂലൈ 2)

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിരണ്ടാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്റ്റിന്, ആഭ്യന്തര സുരക്ഷിതത്വ സംരക്ഷണ ആക്റ്റ്, 1971 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സമുചിത ഗവൺമെന്റി"ന്, കേന്ദ്രഗവൺമെന്റ് ചെയ്യുന്ന തടങ്കൽ ഉത്തരവിനേയോ, അങ്ങനെയുള്ള ഉത്തരവിൻ കീഴിൽ തടങ്കലിൽ വയ്ക്കപ്പെടുന്ന ആളേയോ സംബന്ധിച്ച്, കേന്ദ്രഗവൺമെന്റ് എന്നും, ഒരു സ്റ്റേറ്റ് ഗവൺമെന്റോ സ്റ്റേറ്റ് ഗവൺമെന്റിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനോ ചെയ്യുന്ന തടങ്കൽ ഉത്തരവിനേയോ, അങ്ങനെയുള്ള ഉത്തരവിൻ കീഴിൽ തടങ്കലിൽ വയ്ക്കപ്പെടുന്ന ആളേയോ സംബന്ധിച്ച്, സ്റ്റേറ്റ് ഗവൺമെന്റ് എന്നും അർത്ഥമാകുന്നു;

(ഖ) "തടങ്കൽ ഉത്തരവി"ന്, 3-ാം വകുപ്പിൻ കീഴിൽ ചെയ്യുന്ന ഉത്തരവ് എന്നർത്ഥമാകുന്നു;

(ഗ) "വിദേശി"ക്ക്, വിദേശികൾ ആക്റ്റ്, 1946 (1946-ലെ 31)-ലെ അതേ അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ഘ) "സ്റ്റേറ്റ് ഗവൺമെന്റി"ന്, ഒരു യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച്, അതിന്റെ ഭരണകർത്താവ് എന്നർത്ഥമാകുന്നു.

3. ചില ആളുകളെ തടങ്കലിൽ വയ്ക്കുന്ന ഉത്തരവ് ചെയ്യാനുള്ള അധികാരം.— (1) കേന്ദ്രഗവൺമെന്റിനോ സ്റ്റേറ്റ് ഗവൺമെന്റിനോ—

(ക) (ഒരു വിദേശി ഉൾപ്പെടെ) ഏതെങ്കിലും ആളെ സംബന്ധിച്ച്,

(i) ഇൻഡ്യയുടെ പ്രതിരക്ഷയ്ക്കോ, വിദേശശക്തികളുമായുള്ള ഇൻഡ്യയുടെ ബന്ധങ്ങൾക്കോ, ഇൻഡ്യയുടെ സുരക്ഷിതത്വത്തിനോ, അല്ലെങ്കിൽ

(ii) സ്റ്റേററിൻെറ സുരക്ഷിതത്വത്തിന്നോ പൊതുസമാധാനപാലനത്തിന്നോ, അല്ലെങ്കിൽ

(iii) സമുദായത്തിന് ആവശ്യകമായ സപ്ലൈകളും സർവ്വീസുകളും നിലനിറുത്തിപ്പോരുന്നതിനോ, ഭംഗംവരുത്തുന്ന ഏതെങ്കിലും രീതിയിൽ പ്രവർത്തിക്കുന്നതിൽ നിന്ന് അയാളെ തടയുന്നതു ലക്ഷ്യമാക്കിയോ;

(ഖ) ഏതെങ്കിലും വിദേശിയെ സംബന്ധിച്ച് ഇൻഡ്യയിൽ അയാളുടെ തുടർന്നുപോകുന്ന സാന്നിദ്ധ്യം ക്രമപ്പെടുത്തുന്നതു ലക്ഷ്യമാക്കിയോ ഇൻഡ്യയിൽ നിന്ന് അയാളെ പുറത്താക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നതു ലക്ഷ്യമാക്കിയോ, അങ്ങനെയുള്ള ആളെ തടങ്കലിൽ വയ്ക്കാൻ നിദേശിക്കുന്ന ഉത്തരവു ചെയ്യേണ്ടത് ആവശ്യകമാണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

(2) താഴെ പറയുന്ന ഉദ്യോഗസ്ഥൻമാരിൽ അതായത്:—

(ക) ഡിസ്ട്രിക്ററ് മജിസ്ട്രേററുമാർ;

(ഖ) സ്റ്റേററ് ഗവൺമെൻറ് ഇതിലേയ്ക്ക് പ്രത്യേകമായി പ്രാധികാരം നല്കുന്ന അഡിഷനൽ ഡിസ്ട്രിക്ററ് മജിസ്ട്രേട്ടുമാർ,

(ഗ) പോലീസ് കമ്മീഷണർമാരെ നിയമിച്ചിട്ടുള്ളിടത്തെല്ലാം, അവർ, എന്നിവരിൽ ആർക്കെങ്കിലും (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലെ (ii)-ം, (iii)ം ഉപഖണ്ഡങ്ങളിൽ വ്യവസ്ഥചെയ്തിട്ടുള്ളവിധം ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ആ ഉപവകുപ്പ് നല്കുന്ന അധികാരം പ്രയോഗിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ, ഈ വകുപ്പിൻ കീഴിൽ ഏതെങ്കിലും ഉത്തരവുചെയ്യുമ്പോൾ, അയാൾ ഏത് കാരണങ്ങളിൻമേലാണോ ആ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളത്, ആ കാരണങ്ങളോടും ആ വിഷയവുമായി തൻെറ അഭിപ്രായത്തിൽ ബന്ധപ്പെട്ട മററു വിവരങ്ങളോടുംകൂടി, താൻ ഏതു സ്റ്റേററ് ഗവൺമെൻറിന് കീഴിലാണോ, ആ സ്റ്റേററ്ഗവൺമെൻറിന് റിപ്പോർട്ടു ചെയ്യേണ്ടതും, അങ്ങനെയുള്ളയാതൊരു ഉത്തരവും, അതു ചെയ്തതിനുശേഷം പന്ത്രണ്ട് ദിവസത്തിലധികം, അതിനിടയിൽ സ്റ്റേററ്ഗവൺമെൻറ്, അത് അംഗീകരിക്കാത്ത പക്ഷം പ്രാബല്യത്തിലിരിക്കുന്നതല്ലാത്തതും ആകുന്നു:

എന്നാൽ 8-ാം വകുപ്പിൻ കീഴിൽ തടങ്കലിനുള്ള കാരണങ്ങൾ ഉത്തരവു ചെയ്യുന്ന അധികാരസ്ഥാനം, തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ അഞ്ചു ദിവസത്തിനുശേഷവും, എന്നാൽ പതിനഞ്ചുദിവസത്തിലും വൈകിയല്ലാതേയും അറിയിക്കുന്നിടത്ത്, ഈ ഉപവകുപ്പ്, ''പന്ത്രണ്ട് ദിവസം'' എന്ന വാക്കുകൾക്കു പകരം "ഇരുപത്തിരണ്ടു ദിവസം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണെന്ന രൂപഭേദപ്പെടുത്തലിന് വിധേയമായി, ബാധകമാകുന്നതാണ്.

(4) സ്റ്റേററ് ഗവൺമെൻറ് ഈ വകുപ്പിൻ കീഴിൽ ഏതെങ്കിലും ഉത്തരവു ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്യുമ്പോൾ, സ്റ്റേററ്ഗവൺമെൻറ്, ആ വസ്തുത, ഏതു കാരണങ്ങളിൻമേലാണോ ആ ഉത്തരവ് ചെയ്തിട്ടുള്ളത്, ആ കാരണങ്ങളോടും സ്റ്റേററ്ഗവൺമെൻറിൻെറ അഭിപ്രായത്തിൽ ഉത്തരവിനുള്ള ആവശ്യകതയുമായി ബന്ധമുള്ള മററ് വിവരങ്ങളോടുംകൂടി, ഏഴുദിവസത്തിനുള്ളിൽ, കേന്ദ്രഗവൺമെൻറിന് റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

4. തടങ്കൽ ഉത്തരവുകൾ നടപ്പാക്കൽ.— തടങ്കൽ ഉത്തരവ് ഇൻഡ്യയിൽ ഏത് സ്ഥലത്തു വച്ചും, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൻ കീഴിൽ അറസ്റ്റ് വാറൻറുകൾ നടപ്പാക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ നടപ്പാക്കാവുന്നതാണ്.

5. തടങ്കലിൻെറ സ്ഥലവും ഉപാധികളും ക്രമപ്പെടുത്തുന്നതിനുള്ള അധികാരം.— ആരെ സംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതൊരാളും,—

(ക) സമുചിതഗവൺമെൻറ്, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി വിനിർദ്ദേശിക്കുന്ന സ്ഥലത്തും, അങ്ങനെ വിനിർദ്ദേശിക്കുന്ന സംരക്ഷണവും, അച്ചടക്കവും, അച്ചടക്കലംഘനങ്ങൾക്കു ശിക്ഷയും സംബന്ധിച്ച ഉപാധികൾ ഉൾപ്പെടെയുള്ളതുമായ ഉപാധികൾക്ക് വിധേയമായും, തടങ്കലിൽ വയ്ക്കപ്പെടുന്നതിനും;

(ഖ) സമുചിതഗവൺമെൻറിൻെറ ഉത്തരവുവഴി ഒരു തടങ്കൽ സ്ഥലത്തുനിന്ന് മററൊരു തടങ്കൽ സ്ഥലത്തേയ്ക്ക്, അത് അതേ സ്റേററിനുള്ളിലുള്ളതോ മററൊരു സ്റേററിനുള്ളിലുള്ളതോ ആയിരുന്നാലും, നീക്കം ചെയ്യപ്പെടുന്നതിനും,

അർഹനായിരിക്കുന്നതാണ്:

എന്നാൽ, ഒരു സ്റേററ്ഗവൺമെൻറ് (ഖ) ഖണ്ഡത്തിൻ കീഴിൽ ഒരു സ്റേററിൽനിന്ന് മററൊരു സ്റേററിലെ ഒരാളെ നീക്കം ചെയ്യാനുള്ള യാതൊരു ഉത്തരവും, മറേറ സ്റേററിലെ ഗവൺമെൻറിൻെറ സമ്മതത്തോടുകൂടിയല്ലാതെ, ചെയ്യാൻ പാടുള്ളതല്ല.

6. തടങ്കൽ ഉത്തരവുകൾ ചില കാരണങ്ങളിൻമേൽ അസാധുവോ പ്രവർത്തനരഹിതമോ ആകുന്നതല്ലെന്ന്.— യാതൊരു തടങ്കൽ ഉത്തരവും—

(ക) അതിൻ കീഴിൽ തടങ്കലിൽ വയ്ക്കപ്പെടേണ്ട ആൾ, ആ ഉത്തരവ് ചെയ്യുന്ന ഗവൺമെൻറിൻേറയോ ഉദ്യോഗസ്ഥൻേറയോ പ്രാദേശികാധികാരിതയുടെ അതിർത്തികൾക്ക് വെളിയിലാണെന്നോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളുടെ തടങ്കൽ സ്ഥലം, മുൻപറഞ്ഞ അതിർത്തികൾക്കു വെളിയിലാണെന്നോ,

ഉള്ള കാരണത്താൽ മാത്രം അസാധുവോ പ്രവർത്തനരഹിതമോ ആയിരിക്കുന്നതല്ല.

7. ഒളിവിൽപോകുന്ന ആളുകളെ സംബന്ധിച്ചുള്ള അധികാരങ്ങൾ.— അതതുസംഗതിപോലെ, കേന്ദ്രഗവൺമെൻറിന്നോ സ്റേററുഗവൺമെൻറിന്നോ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദേശിച്ചിട്ടുള്ള ഉദ്യോഗസ്ഥന്നോ ആരെസംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, അയാൾ ഉത്തരവ് നടപ്പാക്കാതിരിക്കുന്നതിനു വേണ്ടി ഒളിവിൽ പോയിട്ടുണ്ടെന്നോ സ്വയം ഒളിച്ചിരിക്കുകയാണെന്നോ വിശ്വസിക്കുവാൻ കാരണമുണ്ടെങ്കിൽ, ആ ഗവൺമെൻറിന്നോ ഉദ്യോഗസ്ഥന്നോ,

(ക) മുൻപറഞ്ഞ ആൾ സാധാരണമായി താമസമുള്ള സ്ഥലത്ത് അധികാരിതയുള്ള ഒരു പ്രസിഡൻസി മജിസ്ട്രേററിന്നോ ഒരു ഒന്നാംക്ലാസ് മജിസ്ട്രേററിന്നോ ആ വസ്തുതയെക്കുറിച്ച ലിഖിതമായി റിപ്പോർട്ട് ചെയ്യാവുന്നതും, അതോടെ മുൻപറഞ്ഞ ആളേയും അയാളുടെ വസ്തുവിനേയും

സംബന്ധിച്ച്, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ 87-ം, 88-ം, 89-ം, വകുപ്പുകളിലെ വ്യവസ്ഥകൾ, അയാളെ തടങ്കലിൽ വയ്ക്കാൻ നിദേശിക്കുന്ന ഉത്തരവ്, ആ മജിസ്ട്രേററ് പുറപ്പെടുവിക്കുന്ന ഒരു വാറൻറ് ആയിരുന്നാലെന്നപോലെ ബാധകമാകുന്നതും,

(ഖ) ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവുവഴി മുൻപറഞ്ഞ ആളോട് ആ ഉത്തരവിൽ വിനിർദേശിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെയും സ്ഥലത്തും കാലയളവിനുള്ളിലും ഹാജരാകാൻ നിദേശിക്കാവുന്നതും, അങ്ങനെയുള്ള നിദേശം ആ ആൾ അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അത് അനുസരിക്കാൻ തനിക്ക് സാദ്ധ്യമായിരുന്നില്ലെന്നും, അത് അനുസരിക്കുന്നത് അസാദ്ധ്യമാക്കിത്തീർത്തകാരണമെന്തെന്നും താൻ എവിടെയാണുള്ളതെന്നും ഉത്തരവിൽ വിനിർദേശിച്ച കാലയളവിനുള്ളിൽ, ഉത്തരവിൽ പറഞ്ഞ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നുവെന്നും അയാൾ തെളിയിക്കാത്തപക്ഷം, അയാൾ ഒരു വർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും,

ആകുന്നു.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിലുള്ള ഏതൊരു കുററവും കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

8. തടങ്കലിനുള്ള ഉത്തരവിന്റെ കാരണങ്ങൾ ഉത്തരവു ബാധിക്കുന്ന ആളുകൾക്ക് വെളിപ്പെടുത്തിക്കൊടുക്കണമെന്ന്.— (1) തടങ്കൽ ഉത്തരവിന് അനുസൃതമായി ഒരാളെ തടങ്കലിൽ വയ്ക്കുമ്പോൾ, ആ ഉത്തരവു ചെയ്യുന്ന അധികാരസ്ഥാനം, ആകുന്നത്ര വേഗത്തിലും എന്നാൽ തടങ്കലിൽ വയ്ക്കുന്ന തീയതിമുതൽ സാധാരണമായി അഞ്ചു ദിവസത്തിൽ വൈകാതേയും അസാധാരണപരിത:സ്ഥിതികളിലും ലിഖിതമായി റിക്കാർഡാക്കേണ്ട കാരണങ്ങളാലും പതിനഞ്ചുദിവസത്തിൽ വൈകാതേയും, ഏതു കാരണങ്ങളിൻമേലാണോ ഉത്തരവു ചെയ്തിട്ടുള്ളത്, ആ കാരണങ്ങൾ അയാളെ അറിയിക്കേണ്ടതും, ഉത്തരവിനെതിരായി സമുചിതഗവൺമെൻറിന് നിവേദനം നല്കുന്നതിന് അയാൾക്ക് ഏററവും നേരത്തേയുള്ള അവസരം കൊടുക്കേണ്ടതുമാകുന്നു.

(2) വെളിപ്പെടുത്തുന്നത് പൊതുതാത്പര്യത്തിനെതിരായാണെന്ന് ആ അധികാരസ്ഥാനം കരുതുന്ന വസ്തുതകൾ വെളിപ്പെടുത്തുവാൻ (1)-ാം ഉപവകുപ്പിലെ യാതൊന്നും ആ അധികാരസ്ഥാനത്തോട് ആവശ്യപ്പെടുന്നില്ല.

9. ഉപദേശക ബോർഡുകൾ ഏർപ്പെടുത്തൽ.—(1) കേന്ദ്രഗവൺമെൻറും ഓരോ സ്റേററ്ഗവൺമെൻറും, ആവശ്യമുള്ളപ്പോഴെല്ലാം ഈ ആക്ററിന്റെ ആവശ്യങ്ങൾക്കായി ഒന്നോ അതിലധികമോ ഉപദേശകബോർഡുകൾ ഏർപ്പെടുത്തേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഏതൊരു ബോർഡും ഒരു ഹൈക്കോടതിയിലെ ജഡ്ജികളായിരിക്കുന്നവരോ ആയിരുന്നിട്ടുള്ളവരോ, അല്ലെങ്കിൽ ജഡ്ജിമാരായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരോ ആയ മൂന്ന് ആളുകൾ അടങ്ങിയതായിരിക്കേണ്ടതും, അങ്ങനെയുള്ള ആളുകൾ, അതതുസംഗതിപോലെ, കേന്ദ്രഗവൺമെൻറിനാലോ സ്റേററ്ഗവൺമെൻറിനാലോ നിയമിക്കപ്പെടേണ്ടതുമാകുന്നു.

(3) സമുചിതഗവൺമെൻറ്, ഉപദേശകബോർഡിലെ അംഗങ്ങളിൽ ഒരു ഹൈക്കോടതി ജഡ്ജിയായിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ഒരാളെ അതിൻെറ ചെയർമാനായിരിക്കാൻ നിയമിക്കേണ്ടതും, ഒരു യൂണിയൻ രാജ്യക്ഷേത്രത്തിൻെറ സംഗതിയിൽ, ഉപദേശകബോർഡിലേക്കുള്ള ഒരു സ്റേററിൻെറ ഹൈക്കോടതിയിലെജഡ്ജിയായിരിക്കുന്നഏതെങ്കിലുംആളുടെനിയമനം,ബന്ധപ്പെട്ട സ്റേററുഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ആയിരിക്കേണ്ടതും ആണ്.

10. <u>ഉപദേശകബോർഡുകൾ റഫർ ചെയ്യുന്നത്.</u>—ഈ ആക്ററിൽ മററുപ്രകാരം പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, ഈ ആക്ററിൻ കീഴിൽ ഒരു തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു സംഗതിയിലും, സമുചിതഗവൺമെൻറ് 9-ാം വകുപ്പിൻകീഴിൽ അത് ഏർപ്പെടുത്തിയിട്ടുള്ള ഉപദേശകബോർഡിൻെറ മുമ്പാകെ, ആ ഉത്തരവിൻ കീഴിൽ തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ മുപ്പതുദിവസത്തിനുള്ളിൽ ഏതു കാരണങ്ങളിൻമേലാണോ ആ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത്, ആ കാരണങ്ങളും, ഉത്തരവു ബാധിക്കുന്ന ആൾ കൊടുത്തിട്ടുള്ള ആളുടെ നിവേദനം വല്ലതും ഉണ്ടെങ്കിൽ അതും, ആ ഉത്തരവ് പുറപ്പെടുവിച്ചത് ഒരു ഉദ്യോഗസ്ഥൻ ആയിരിക്കുന്ന സംഗതിയിൽ, 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലെ ആ ഉദ്യോഗസ്ഥൻെറ റിപ്പോർട്ടും വയ്ക്കേണ്ടതാകുന്നു.

11. <u>ഉപദേശകബോർഡിൻെറ നടപടിക്രമം.</u>—(1) ഉപദേശകബോർഡ്, അതിൻെറ മുമ്പാകെ സമർപ്പിച്ചിട്ടുള്ള കാര്യങ്ങൾ പരിഗണിച്ചതിനുശേഷവും, ആവശ്യകമാണെന്ന് അതു കരുതുന്ന കൂടുതൽ വിവരങ്ങൾ, സമുചിതഗവൺമെൻറിൽ നിന്നോ സമുചിതഗവൺമെൻറുവഴി ഇതിലേക്കായി വിളിക്കുന്ന ഏതെങ്കിലും ആളിൽനിന്നോ, അല്ലെങ്കിൽ ബന്ധപ്പെട്ട ആളിൽനിന്നോ, അത് ആവശ്യപ്പെട്ടതിനുശേഷവും ഏതെങ്കിലും പ്രത്യേകസംഗതിയിൽ ബന്ധപ്പെട്ട ആൾക്ക് പറയാനുള്ളത് നേരിട്ടു കേൾക്കുന്നത് ആവശ്യമാണെന്നു ബോർഡിനു തോന്നുകയോ, അല്ലെങ്കിൽ തനിക്കു പറയുവാനുള്ളത് കേൾക്കണമെന്ന് അയാൾ ആഗ്രഹിക്കുകയോ ചെയ്യുന്നുവെങ്കിൽ, അപ്രകാരം കേട്ടതിനുശേഷവും, തടങ്കലിൽ വയ്ക്കുന്നതീയതിമുതൽ പത്ത് ആഴ്ചക്കുള്ളിൽബോർഡിൻെറ റിപ്പോർട്ട് സമുചിതഗവൺമെൻറിനു സമർപ്പിക്കേണ്ടതാകുന്നു.

(2) ഉപദേശകബോർഡിൻെറ റിപ്പോർട്ട് ബന്ധപ്പെട്ട ആളുടെ തടങ്കലിനു മതിയായ കാരണമുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ചുള്ള ഉപദേശകബോർഡിൻെറ അഭിപ്രായം, റിപ്പോർട്ടിൻെറ ഒരു പ്രത്യേകഭാഗമായി വിനിർദ്ദേശിക്കേണ്ടതാകുന്നു.

(3) ഉപദേശകബോർഡായി ചേരുന്ന അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുള്ളപ്പോൾ, അങ്ങനെയുള്ള അംഗങ്ങളുടെ ഭൂരിപക്ഷത്തിൻെറ അഭിപ്രായം ബോർഡിൻെറ അഭിപ്രായമായി കരുതപ്പെടുന്നതാകുന്നു.

(4) ഈ വകുപ്പിലെ യാതൊന്നും, ആർക്കെതിരായാണോ ഒരു തടങ്കൽ ഉത്തരവു ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക് ഉപദേശകബോർഡിലേക്കുള്ള റഫറൻസുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൽ, അഭിഭാഷകൻ മുഖേന ഹാജരാകാൻ അവകാശം നല്കുന്നതല്ലാത്തതും, ഉപദേശകബോർഡിൻെറ നടപടികളും റിപ്പോർട്ടിലെ ഉപദേശകബോർഡിൻെറ അഭിപ്രായം വിനിർദ്ദേശിക്കുന്ന ഭാഗം ഒഴികെയുള്ള അതിൻെറ റിപ്പോർട്ടും ഗോപ്യമായിരിക്കേണ്ടതും ആണ്.

12. ഉപദേശക ബോർഡിന്റെ റിപ്പോർട്ടിൻമേലുള്ള നടപടി.—(1) ഉപദേശക ബോർഡ്, അതിന്റെ അഭിപ്രായത്തിൽ ഒരാളുടെ തടങ്കലിനു മതിയായ കാരണ മുണ്ടെന്നു റിപ്പോർട്ട് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയിൽ സമുചിത ഗവൺമെന്റിന്, ആ തടങ്കൽ ഉത്തരവു സ്ഥിരപ്പെടുത്തുകയും, യുക്തമെന്നു തോന്നുന്ന കാലത്തേക്ക് ബന്ധപ്പെട്ട തടങ്കൽ തുടരുകയും ചെയ്യാവുന്നതാണ്.

(2) ഉപദേശകബോർഡ്, അതിന്റെ അഭിപ്രായത്തിൽ ബന്ധപ്പെട്ട ആളുടെ തടങ്കലിനു മതിയായ കാരണമില്ലെന്നു റിപ്പോർട്ട് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, സമുചിതഗവൺമെന്റ് തടങ്കൽ ഉത്തരവു പിൻവലി ക്കുകയും അയാൾ ഉടനടി മോചിപ്പിക്കപ്പെടാൻ ഇടയാക്കുകയും ചെയ്യേണ്ട താകുന്നു.

13. പരമാവധി തടങ്കൽ കാലയളവ്.—12-ാം വകുപ്പിൻകീഴിൽ സ്ഥിര പ്പെടുത്തപ്പെട്ട ഏതെങ്കിലും തടങ്കൽ ഉത്തരവിന് അനുസൃതമായി ഏതെങ്കിലും ആളെ തടങ്കലിൽ വയ്ക്കാവുന്ന പരമാവധി കാലയളവു തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ പന്ത്രണ്ടുമാസം ആയിരിക്കേണ്ടതാകുന്നു:

എന്നാൽ, ഈ വകുപ്പിലടങ്ങിയ യാതൊന്നും അതിനു മുൻപേ ഏതെങ്കിലും തടങ്കൽ ഉത്തരവു പിൻവലിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാൻ സമു ചിതഗവൺമെന്റിനുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

14. തടങ്കൽ ഉത്തരവുകളുടെ പിൻവലിക്കൽ.—(1) സാമാന്യഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897-ലെ 10) 21-ാം വകുപ്പിലെ വ്യവസ്ഥകൾക്കു ഭംഗം വരാത്തവിധം, ഒരു തടങ്കൽ ഉത്തരവ്,—

(ക) ആ ഉത്തരവ് 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറഞ്ഞ ഒരു ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളതാണെന്നിരുന്നാലും, ആ ഉദ്യോഗസ്ഥൻ ഏതു സ്റ്റേറ്റ്ഗവൺമെന്റിന്റെ കീഴിലാണോ, ആ ഗവൺമെന്റിനോ അല്ലെങ്കിൽ കേന്ദ്രഗവൺമെന്റിനോ;

(ഖ) ആ ഉത്തരവ് ഒരു സ്റ്റേറ്റ് ഗവൺമെന്റ് ചെയ്തിട്ടുള്ളതാണെ ന്നിരുന്നാലും, കേന്ദ്രഗവൺമെന്റിനോ;

ഏതു സമയത്തും റദ്ദാക്കപ്പെടുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവു ന്നതാണ്.

(2) ഒരു തടങ്കൽ ഉത്തരവിന്റെ, പിൻവലിക്കലോ കാലംകഴിയലോ പിൻവലിച്ചതോ കാലം കഴിഞ്ഞതോ ആയ തീയതിക്കുശേഷം പുതിയ വസ്തുതകൾ ഉദ്ഭവിക്കുകയും, അതിൻമേൽ അതേ ആൾക്കെതിരായി 3-ാം വകുപ്പിൻ കീഴിൽ ഒരു പുതിയ തടങ്കൽ ഉത്തരവ് ചെയ്യേണ്ടതാണെന്ന് അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റിനോ ഒരു സ്റ്റേറ്റ് ഗവൺ മെന്റിനോ ഒരു ഉദ്യോഗസ്ഥനോ ബോധ്യപ്പെടുകയും ചെയ്യുന്ന ഏതെങ്കിലും സംഗതിയിൽ, അങ്ങനെയുള്ള ഉത്തരവു ചെയ്യുന്നതിനെ തടയുന്നതല്ല.

15. തടങ്കലിൽ വച്ചിട്ടുള്ള ആളുകളെ താൽക്കാലികമായി മോചിപ്പി ക്കുന്നത്.— (1) സമുചിതഗവൺമെന്റിന്, ഒരു തടങ്കൽ ഉത്തരവിന് അനുസൃതമായി തടങ്കലിൽ വച്ചിട്ടുള്ള ഏതെങ്കിലും ആളെ, ഏതെങ്കിലും വിനിർദ്ദിഷ്ടകാലത്തേക്ക് ഉപാധികളില്ലാതേയോ നിദേശത്തിൽ വിനിർദ്ദേശി ക്കുന്നതും, ആ ആൾ സ്വീകരിക്കുന്നതുമായ ഉപാധികളിൻമേലോ മോചി പ്പിക്കാവുന്നതാണെന്ന് ഏത് സമയത്തും നിദേശിക്കുകയും, അയാളെ മോചി പ്പിക്കുന്നത് ഏതു സമയത്തും റദ്ദാക്കുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും ആളെ മോചിപ്പിക്കാൻ നിർദേശിക്കുന്നതിൽ, സമുചിതഗവൺമെൻറിന്, അയാളോടു നിർദേശത്തിൽ വിനിർദേശിക്കുന്ന ഉപാധികൾ യഥാവിധി പാലിക്കുന്നതിന് ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബോണ്ടിൽ ഏർപ്പെടാൻ ആവശ്യപ്പെടാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ മോചിപ്പിക്കപ്പെട്ട ഏതെങ്കിലും ആൾ അതതു സംഗതിപോലെ, അയാളെ മോചിപ്പിക്കാൻ നിർദേശിക്കുന്നതോ അയാളെ മോചിപ്പിക്കുന്നതു റദ്ദാക്കുന്നതോ ആയ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന സമയത്തും, സ്ഥലത്തും അധികാരസ്ഥാനത്തിനും സ്വയം കീഴടങ്ങേണ്ടതാകുന്നു.

(4) ഏതെങ്കിലും ആൾ (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ മതിയായ കാരണംകൂടാതെ സ്വയം കീഴടങ്ങാതിരിക്കുന്നുവെങ്കിൽ അയാൾ രണ്ടുവർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ, പിഴശിക്ഷയോ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(5) (1)-ാം ഉപവകുപ്പിൻകീഴിൽ മോചിപ്പിക്കപ്പെട്ട ഏതെങ്കിലും ആൾ ആ ഉപവകുപ്പിൻകീഴിലോ, അയാൾ ഏർപ്പെട്ടിട്ടുള്ള ബോണ്ടിലോ അയാളുടെ മേൽ ചുമത്തിയിട്ടുള്ള ഉപാധികളിൽ ഏതെങ്കിലും നിറവേററാതിരിക്കുന്നുവെങ്കിൽ, ബോണ്ടിലെ ജാമ്യത്തുക നഷ്ടപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നതും, ബോണ്ടിനാൽ ബദ്ധനായ ഏതൊരാളും, അതിലെ പിഴസംഖ്യ നല്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്.

16. ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിക്കുള്ള സംരക്ഷണം.—ഈ ആക്ററിന് അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനോ ഒരു സ്റേററ്ഗവൺമെൻറിനോ എതിരായി യാതൊരു വ്യവഹാരവും, അല്ലെങ്കിൽ മററു നിയമനടപടിയും, ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരവും, അല്ലെങ്കിൽ പ്രോസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

17. വിദേശികളുടെ ചില സംഗതികളിൽ തടങ്കലിൻെറ കാലാവധി —(1) ഈ ആക്ററിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ഏതു വിദേശിയെ സംബന്ധിച്ചാണോ ഈ ആക്ററിൻ കീഴിൽ ഒരു തടങ്കൽ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും വിദേശിയെ താഴെ പറയുന്ന തരം കേസ്സുകളിൽ ഏതിലെങ്കിലുമോ, അല്ലെങ്കിൽ താഴെ പറയുന്ന ഏതെങ്കിലും പരിത:സ്ഥിതികൾക്കു കീഴിലോ അതായത്,—

(ക) അങ്ങനെയുള്ള വിദേശി ആയുധങ്ങളോടെയോ വെടക്കോപ്പുകളോടേയോ, സ്ഫോടകവസ്തുക്കളോടേയോ ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിൽ പ്രവേശിക്കുകയോ പ്രവേശിക്കാൻ ശ്രമിക്കുകയോ, അതിൽ കാണപ്പെടുകയോ ചെയ്യുന്നിടത്ത്, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള വിദേശി ഒരു വിജ്ഞാപിത പ്രദേശത്ത് ക്രിമിനൽ നിയമഭേദഗതി ആക്ററ്, 1961 (1962-ലെ 23), 3-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട് പ്രവേശിക്കുകയോ പ്രവേശിക്കാൻ ശ്രമിക്കുകയോ, അതിൽ കാണപ്പെടുകയോ ചെയ്യുന്നിടത്ത്, അല്ലെങ്കിൽ

(ഗ) അങ്ങനെയുള്ള വിദേശി, ഒരു സാധുതയുള്ള യാത്രാരേഖ കൂടാതെ, അതിർത്തി സുരക്ഷിതത്വസേന ആക്ററ്, 1968 (1968-ലെ 47) -ലെ 139-ാം വകുപ്പിൻകീഴിൽ ചെയ്ത ഒരു ഉത്തരവിൽ വിനിർദ്ദേശിക്കുന്നതും ഇൻഡ്യയുടെ അതിർത്തികൾക്ക് തൊട്ടുകിടക്കുന്നതുമായ പ്രദേശത്തിൻെറ തദ്ദേശാതിർത്തിക്കുള്ളിൽ പ്രവേശിക്കുകയോ പ്രവേശിക്കാൻ ശ്രമിക്കുകയോ, അതിനുള്ളിൽ കാണപ്പെടുകയോ ചെയ്യുന്നിടത്ത്, അല്ലെങ്കിൽ

(ഘ) കേന്ദ്രഗവൺമെൻറിന്, അങ്ങനെയുള്ള വിദേശി ഔദ്യോഗിക രഹസ്യങ്ങൾ ആക്ററ്, 1923 (1923-ലെ 19)-ൻ കീഴിൽ ഏതെങ്കിലും കുററം ചെയ്യുന്നുണ്ടെന്നോ ചെയ്യാൻ ഇടയുണ്ടെന്നോ വിശ്വസിക്കാൻ കാരണമുള്ളടത്ത്, അയാളെ തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ മൂന്നുമാസത്തിലധികമുള്ളതും, എന്നാൽ രണ്ടുവർഷത്തിൽ കവിയാത്തതും ആയ കാലത്തേക്ക് ഉപദേശകബോർഡിന്റെ അഭിപ്രായം നേടാതെ തടങ്കലിൽ വയ്ക്കാവുന്നതാണ്.

2. (1)-ാം ഉപവകുപ്പു് ബാധകമാകുന്ന ഏതെങ്കിലും വിദേശിയുടെ സംഗതിയിൽ, 10 മുതൽ 13 വരെ വകുപ്പുകൾക്ക്, താഴെ പറയുന്ന, അതായത്—

(ക) 10-ാം വകുപ്പിൽ, "മുപ്പതു ദിവസത്തിനുള്ളിൽ" എന്നും "വയ്ക്കേണ്ടതാകുന്നു" എന്നും ഉള്ള വാക്കുകൾക്കു പകരം "രണ്ടുവർഷങ്ങൾ കഴിയുന്നതിനുമുമ്പും, എന്നാൽ യാതൊരു സംഗതിയിലും അതിനു മൂന്നുമാസം മുൻപിലും വൈകാതെയുമുള്ള ഏതു സമയത്തും" എന്നും "വയ്ക്കാവുന്നതാണ്" എന്നും ഉള്ള വകുപ്പുകൾ ചേർക്കുകയും

(ഖ) 11-ാം വകുപ്പിൽ,

(i) (1)-ാം ഉപവകുപ്പിൽ "തടങ്കലിൽ വയ്ക്കുന്ന തീയതി മുതൽ" എന്ന വാക്കുകൾക്കുപകരം "അതിനു റഫർ ചെയ്യുന്ന തീയതി മുതൽ" എന്ന വാക്കുകൾ ചേർക്കുകയും,

(ii) (2)-ാം ഉപവകുപ്പിൽ, "ബന്ധപ്പെട്ട ആളുടെ തടങ്കലിന്" എന്ന വാക്കുകൾക്ക് പകരം, "ബന്ധപ്പെട്ട ആളുടെ തുടർന്നുപോകുന്ന തടങ്കലിന്" എന്ന വാക്കുകൾ ചേർക്കുകയും,

(ഗ) 12-ാം വകുപ്പിൽ, "തടങ്കലിന്" എന്ന വാക്കിന് പകരം, അത് കാണുന്ന രണ്ടുസ്ഥലങ്ങളിലും "തുടർന്നുപോകുന്ന തടങ്കലിന്" എന്ന വാക്കുകൾ ചേർക്കുകയും;

(ഘ) 13-ാം വകുപ്പിൽ "പന്ത്രണ്ടുമാസം" എന്ന വാക്കുകൾക്കു പകരം "മൂന്നുവർഷം" എന്ന വാക്കുകൾ ചേർക്കുകയും,

ചെയ്യുന്ന രൂപഭേദങ്ങൾക്കു വിധേയമായി, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

18. റദ്ദാക്കലും ഒഴിവാക്കലും — (1) ആഭ്യന്തര സുരക്ഷിതത്വസംരക്ഷണ ആർഡിനൻസ്, 1971 (1971-ലെ 5-ാം ആർഡിനൻസ്) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിട്ടുണ്ടെന്നിരുന്നാലും, മുൻപറഞ്ഞ ആർഡിനൻസിൻകീഴിൽ ചെയ്തിട്ടുള്ള ഏതെങ്കിലുമോ, എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയോ, ഈ ആക്ററ് 1971 മേയ് 7-ാം ദിവസം പ്രാബല്യത്തിൽ വന്നിട്ടുണ്ടായിരുന്നാലെന്നപോലെ, ഈ ആക്ററിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്കു കീഴിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടുന്നതാകുന്നു.

— — —